M 7278

Reg. No.: ...............................

Name : ...................................

**V Semester B.A. Degree (CCSS – Reg./Supple./Imp.) Examination, November 2014**
**CORE COURSE IN MALAYALAM**
**5 B 12 MAL : ദൃശ്യകലാസാഹിത്യം**
**(2012 Admission)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തര മെഴുതുക. (**ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് **1**).

1) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

a) 'കിരാതം' ഏത് വിഭാഗത്തിൽ പെടുന്ന തുള്ളലാണ് ?

b) കൂത്തിന് മിഴാവ് കൊട്ടുന്ന ജോലി ആരാണ് ചെയ്തിരുന്നത് ?

c) കഥകളിക്ക് ഉപയോഗിക്കുന്ന പ്രധാന വാദ്യമേത് ?

d) 'ബകവധം ആട്ടക്കഥ' എഴുതിയതാര് ?

2) ബ്രായ്ക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.

a) സിനിമയിൽ ഷോട്ടുകൾ ഉചിതമായി കൂട്ടിച്ചേർക്കുന്ന പ്രക്രിയ ?

(ഫില്ലിംഗ്, മിക്സിംഗ്, എഡിറ്റിംഗ്, സംവിധാനം)

b) ലത്തീൻ ക്രൈസ്തവരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു കലാരൂപം ?

(ചവിട്ടുനാടകം, സംഘക്കളി, അറബനമുട്ട്, പനേങ്കളി)

c) മിനുക്ക് ഏതുതരം കഥാപാത്രത്തിനുള്ള വേഷമാണ് ?

(രാക്ഷസന്മാർ, മുനിമാർ, തിര്യക്കുകൾ, ഇതൊന്നുമല്ല)

d) കുറ്റകൃത്യങ്ങളുടെ നേർക്ക് വിചിത്രമായ ആഭിമുഖ്യം പുലർത്തിയ ഫ്രഞ്ച് സംവിധായകൻ ആര് ?

(ഫെല്ലിനി, പസ്സോളിനി, ഷാബ്രോൾ, ഗൊദാർദ്)

P.T.O.

3) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കൾ ആരെന്നെഴുതുക.

a) നളചരിതം

b) അവൻ വീണ്ടും വരുന്നു

c) ലങ്കാലക്ഷ്മി

d) ചലച്ചിത്രത്തിന്റെ പൊരുൾ

4) ''സ്മൃതിക്ക് ഭാഷ്യം ചമയ്ക്കാൻ നീയാര് ? പുതിയ മനുവോ, പുഷ്യമിത്രനോ, അതോ കല്ലൂകഭട്ടനോ ?''

a) ആരുടെ വാക്കുകൾ ?

b) ആരോടാണു പറയുന്നത് ?

c) പരാമർശ വിഷയം എന്ത് ?

d) ഏതു കൃതിയിലെ വരികൾ ?

5) ചേരുംപടി ചേർക്കുക.

a) റാഷോമൺ – ഗുരുദത്ത്

b) ദി വിർജിൻ സ്പ്രിങ്ങ് – ശ്യാം ബെനഗൽ

c) അങ്കുർ – ബെർഗ്മാൻ

d) പ്യാസ – അകിര കുറോസോവ

**(4×1=4 വെയിറ്റേജ്)**

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

6) ''മത്തവാരണേന്ദ്രകുംഭകൃത്തനം നിനയ്ക്കിലിന്നു
ശക്തനായ ഹരിവരനൊഴിഞ്ഞു കൂടുമോ ?'' ആരുടെ വാക്കുകൾ ? വിശദമാക്കുക.

7) ''എന്നാ എനിയ്ക്കുണ്ട് അധികാരം. ഞാനാ എന്റെ കാര്യം നിശ്ചേയ്ക്കാൻ''
– ആരാണിങ്ങനെ പറഞ്ഞത് ? സന്ദർഭമേത് ?

8) ''അന്നാ, യോർദ്ദാൻ എവിടെയാണവസാനിക്കുന്നത് ? ആരുടെ വാക്കുകൾ ? സാംഗത്യം വ്യക്തമാക്കുക.

9) സിനിമയിലെ കർതൃത്വ സിദ്ധാന്തം എന്താണ് ?

10) കഥകളിയുടെ ആരംഭ ചടങ്ങുകൾ ഏവ ?

11) ദഫ് എന്താണ് ?

**(4×1=4 വെയിറ്റേജ്)**



III. **നൂറ്റമ്പതു**വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

12) ''പെരും കടലിൽ പൊഴിവീണുകൊണ്ടിരിക്കുന്നു. ശ്രദ്ധവേണം''. ആരുടെ വാക്കുകൾ ? വ്യക്തമാക്കുക.

13) വിദഗ്ദ്ധനായ പ്രേക്ഷകന് സംവിധായകന്റെ കരസ്പർശം തിരിച്ചറിയാൻ കഴിയുന്നതെങ്ങനെ ?

14) ''ധനമെന്നുള്ളതു മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹ നൂനം'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

15) ''അടിതെറ്റി വീണു ഒന്നു തീർന്നു കിട്ടണേ ഇവൻ എന്ന് അറിഞ്ഞമുതൽ ഞാൻ പ്രാർഥിക്യായിരുന്നു ......'' – ആരുടെ വാക്കുകൾ ? സന്ദർഭം വ്യക്തമാക്കുക.

16) ഒപ്പനപ്പാട്ടിന്റെ ഇന്നത്തെ അവസ്ഥ വിശദീകരിക്കുക.

17) കോൽക്കളി എന്നാലെന്ത് ? വിശദമാക്കുക.

18) ശബ്ദലേഖനത്തിന് സിനിമയിലുള്ള പ്രാധാന്യം വ്യക്തമാക്കുക.

**(5×2=10 വെയിറ്റേജ്)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

19) 'ഋതുമതി' എന്ന നാടകത്തിന്റെ സാമൂഹിക പ്രസക്തിയെക്കുറിച്ച് ഉപന്യസിക്കുക.

20) ആട്ടക്കഥാരചനയിൽ ഇരയിമ്മൻ തമ്പിക്കുള്ള പ്രാഗത്ഭ്യം 'ഉത്തരാസ്വയംവര'ത്തെ ആസ്പദമാക്കി വിവരിക്കുക.

21) ദുരന്തനാടകത്തിന്റെ ഏതെല്ലാം അംശങ്ങളാണ് 'ആ മനുഷ്യൻ നീ തന്നെ'യിൽ ഉള്ളത് ? വിവരിക്കുക.

22) നമ്പ്യാരുടെ ഫലിതപരിഹാസ ചാതുരി 'കിരാതം തുള്ളലി'നെ ആധാരമാക്കി വിവരിക്കുക.

23) ചവിട്ടുനാടകം എന്നാലെന്ത് ? അതിന്റെ ഉല്പത്തിവികാസങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

**(3×4=12 വെയിറ്റേജ്)**